**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5628** **24-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ സിദ്ധ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാഷണൽ ആയുഷ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര സിദ്ധ ക്ലിനിക്കുകളുണ്ട്;വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നാഷണൽ ആയുഷ് മിഷന്റെ കീഴിൽ നിലവിൽ 21 സിദ്ധ ക്ലിനിക്കുകൾ/ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.<br><br>ഭാരതീയ ചികിത്സാ വകുപ്പിന്റെ ആശുപത്രികളിൽ 6 യൂണിറ്റുകളും 6 മഗളിർ ജ്യോതി യൂണിറ്റുകളും 4 വർമ്മ തെറാപ്പി യൂണിറ്റുകളും 2എൻ.സി.ഡി. മാനേജ്മെന്റ് യൂണിറ്റുകളും 3 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിൽ എത്ര സിദ്ധ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ മണ്ണാഞ്ചേരിയിൽ ഒരു സർക്കാർ സിദ്ധ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു. എൻ.എച്ച്.എം. -ന് കീഴിൽ 5 ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥാപനങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br><br>1. എൻ.എച്ച്.എം. സിദ്ധ തുറവൂർ<br><br>2. എൻ.എച്ച്.എം. സിദ്ധ വയലാർ<br><br>3. എൻ.എച്ച്.എം. സിദ്ധ വെളിനാട്<br><br>4. എൻ.എച്ച്.എം. സിദ്ധ രാമങ്കരി<br><br>5. എൻ.എച്ച്.എം. സിദ്ധ പെരുമ്പളം<br><br>കൂടാതെ ആലപ്പുഴ ജില്ലയിൽ നാഷണൽ<br><br>ആയുഷ് മിഷന്റെ കീഴിൽ 3 സിദ്ധ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഗവ. സിദ്ധ ഡിസ്പെൻസറി മണ്ണാഞ്ചേരിയിൽ ഒരു സിദ്ധ തെറാപ്പി യൂണിറ്റും ഒരു മഗളിർജ്യോതി യൂണിറ്റും, ചെങ്ങന്നൂർ ആയുർവേദ ആശുപത്രിയിൽ ഒരു സിദ്ധ ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കുന്ന പക്ഷം പുതിയ സിദ്ധ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സിദ്ധ ക്ലിനിക്കുകൾ തുടങ്ങുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള തീരുമാനകത്ത്, ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് മുതലായവ സഹിതം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ